# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1801** **01.11.2019 -ലെ മറുപടിയ്ക്ക്**

## എം.ജി. സർവ്വകലാശാല ബി-ടെക് പരീക്ഷയിൽ മോഡറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വിൻസെന്റ്<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. പി.ടി. തോമസ് | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | എം.ജി. സർവ്വകലാശാല നടത്തിയ ബി-ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം ജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷന് പുറമെ പരമാവധി അഞ്ച് മാർക്ക് കൂടി സിൻഡിക്കേറ്റ് മോഡറേഷനായി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നുകൂടിയ യോഗമാണ് ഇപ്രകാരം ഒരു തീരുമാനം എടുത്തതെന്നറിയിക്കുമോ; | (എ) & (ബി) | ഉണ്ട്. 30.04.2019-ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ അജൻഡയ്ക്കു പുറത്തുള്ള വിഷയമായിട്ടാണ് വൈസ് ചാൻസലർ ഈ വിഷയം അവതരിപ്പിച്ചത്. മോഡറേഷൻ ആവശ്യം ഉയർത്തി 2016 മുതൽ നിരവധി ബി.ടെക് വിദ്യാർഥികൾ നിരന്തരം സർവകലാശാലയെ സമീപിച്ചിരുന്നു. 2016 ഓഗസ്റ്റ് 13-ന് വിദ്യാർഥികൾ ഇതേ വിഷയം ഉന്നയിച്ച് സർവകലാശാലാ മാർച്ച് നടത്തുകയും അന്ന് ചുമതല വഹിച്ചിരുന്ന വൈസ് ചാൻസലർ വിദ്യാർഥികളുമായി സംസാരിക്കുകയും വിഷയം പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് ബി.ടെക്. കോഴ്സുകൾ പൂർണമായും മാറുകയും സപ്ലിമെന്ററി വിദ്യാർഥികൾ മാത്രം സർവകലാശാലയിൽ തുടരുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരുന്നു. നേരിയ മാർക്കിന്റെ കുറവുകൊ ണ്ട് ബി.ടെക് പഠനം പൂർത്തീകരിക്കാൻ വിദ്യാർഥികൾക്ക് സാധിക്കാതിരിക്കുകയും നാലു വർഷത്തെ പഠനത്തിനു ശേഷം 56 വിഷയങ്ങളിൽ 55 വിഷയങ്ങൾക്ക് |
| (ബി) | പ്രസ്തുത ദിവസത്തെ സിൻഡിക്കേറ്റിന്റെ യോഗ അജണ്ടയിൽ ഈ വിഷയം ഉൾക്കൊള്ളിച്ചിരുന്നുവോ; ഇല്ലെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു തീരുമാനം ഉണ്ടായത്; | | |

| | | | |
|---|---|---|---|
| | | | ജയിക്കുകയും ഒരു വിഷയത്തിന് മാത്രം നിസാര മാർക്കിൽ പരാജയപ്പെടുകയും ചെയ്ത് പ്ലസ്ടു യോഗ്യതയിലേക്ക് മാത്രമായി വിദ്യാർഥികൾ ചുരുങ്ങുന്ന അവസ്ഥയുണ്ടായി. ഇതിലേയ്ക്കായി വിദ്യാർത്ഥികൾ സമർപ്പിച്ച ഓരോ അപേക്ഷയും പ്രത്യേക നമ്പറുള്ള ഫയലുകളാക്കി തീർപ്പാക്കുന്നതിലുള്ള നടപടിക്രമങ്ങളുടെ സങ്കീർണ്ണതയും കാലതാമസവും ഒഴിവാക്കുന്നതിനും വിദ്യാർത്ഥികൾ നേരിടുന്ന വൈഷമ്യം പരിഹരിക്കുന്നതിനുമാണ് പൊതുവായുള്ള ഈ വിഷയം അടിയന്തിരമായി പരിഗണിച്ചത്. |
| (സി) | സർവ്വകലാശാല പരീക്ഷകളിൽ വിദ്യാർത്ഥികൾക്ക് മാർക്ക് കൂട്ടി നൽകുവാൻ പാസ്സ് ബോർഡിന് മാത്രമേ അധികാരമുള്ളു എന്നിരിക്കെ ഇപ്രകാരം ഒരു തീരുമാനം സിൻഡിക്കേറ്റ് എടുത്തത് സ്റ്റാറ്റ്യൂട്ടിലെ ഏത് നിബന്ധന പ്രകാരമാണ്; | (സി) | മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 4 ചട്ടം 23 (15) പ്രകാരം സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സിൻഡിക്കേറ്റിന്റെ അധികാരമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സാഹചര്യവും പ്രത്യേകമായി പരിഗണിച്ച് വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകുന്നതിനുള്ള തീരുമാനം സിൻഡിക്കേറ്റ് എടുക്കുകയാണ് ചെയ്യുന്നത്. പാസ്സ് ബോർഡ് മോഡറേഷൻ നൽകാനുള്ള റെക്കമെന്റേഷൻ മാത്രമാണ് നൽകുന്നത്. അന്തിമ തീരുമാനം എടുക്കുന്നത് സിൻഡിക്കേറ്റാണ്. |
| (ഡി) | ഫലം പ്രഖ്യാപിച്ചാൽ പുനർമൂല്യനിർണ്ണയത്തിലൂടെ മാത്രമേ മാർക്ക് മാറ്റം വരുത്തുവാൻ കഴിയൂ എന്നിരിക്കെ ഫലപ്രഖ്യാപനം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞ് പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകിയത് പരീക്ഷാ സമ്പ്രദായത്തെ തന്നെ നോക്കുകുത്തിയാക്കുന്ന സ്ഥിതിവിശേഷം സംജാതമാക്കിയിട്ടില്ലേ; എങ്കിൽ ഇക്കാര്യത്തെ കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോയെന്ന് | (ഡി) | പരീക്ഷാ കാര്യങ്ങളിൽ നയപരമായി തീരുമാനമെടുക്കാൻ സിൻഡിക്കേറ്റിനാണ് അധികാരം. ബി. ടെക് കോഴ്സ് എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിലേക്ക് മാറ്റപ്പെടുകയും തുടർ സപ്ലിമെന്ററി പരീക്ഷകൾ നടത്തുന്നതിന് സർവ്വകലാശാലയ്ക്കുള്ള പരിമിതി കണക്കിലെടുത്ത്, കാലിക്കറ്റ് സർവകലാശാല 2012 ജൂൺ 12-ലെ ഉത്തരവിലൂടെ 2008 മുതൽ മുൻകാല പ്രാബല്യത്തോടെ ബി.ടെക്. വിദ്യാർഥികൾക്ക് 20 മാർക്ക് വരെ മോഡറേഷൻ നൽകാനെടുത്ത |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | തീരുമാനം, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല 2012-ലെ ഉത്തരവിലൂടെ 2010 മുതലുള്ള ബി.ടെക് വിദ്യാർഥികൾക്ക് മോഡറേഷൻ നൽകാനെടുത്ത തീരുമാനം എന്നിവയെല്ലാം പരിഗണിച്ചാണ് 30.04.2019-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം, സർവ്വകലാശാല നടത്തിയ ബി.ടെക് പരീക്ഷകളിൽ ഏതെങ്കിലും സെമസ്റ്ററുകളിൽ ഏതെങ്കിലും ഒരു വിഷയം മാത്രം വിജയിക്കുവാനുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിയിരിക്കുന്ന മോഡറേഷനോടുകൂടിയ മാർക്കിനു പുറമെ പരമാവധി 5 മാർക്ക് കൂടി മോഡറേഷനായി നൽകുന്നതിന് നയപരമായ തീരുമാനം എടുത്തത്. പ്രസ്തുത തീരുമാനം സർവ്വകലാശാല ഇപ്പോൾ റദ്ദാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.